TELEPHONE: **0471-2328158**

MOBILE : **8281000127**

**www.sec.kerala.gov.in**

Email:

**pro2025sec@gmail.com**

**cru.sec@kerala.gov.in**

**electionker@gmail.com**

വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**29 October 2025**

## തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് : രാഷ്ട്രീയപാർട്ടികളുടെ യോഗം ചേർന്നു

തദ്ദേശസ്വയംഭരണസ്ഥാപന പൊതുതിരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിച്ച് സമാധാനപരമായി നടത്തുന്നതിന് എല്ലാ രാഷ്ട്രീയപാർട്ടികളുടെയും സഹകരണം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അഭ്യർത്ഥിച്ചു. പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ.

തിരഞ്ഞെടുപ്പ് പ്രചാരണവും പ്രവർത്തനങ്ങളും നടത്തുന്നത് ഹരിതചട്ടം പാലിച്ചു വേണം. വോട്ടെടുപ്പ്, വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ ക്രമസമാധാനപാലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വോട്ടിങ് മെഷീൻ കമ്മീഷനിംഗ് നടക്കുമ്പോൾ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടാകണം.

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ തന്നെ കെട്ടി വയ്ക്കുന്ന ഡെപോസിറ്റ് തുക അർഹതയുള്ള സ്ഥാനർത്ഥികൾക്ക് തിരികെ ലഭിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരിക്കുന്ന സ്ഥാനർത്ഥികളെല്ലാം തന്നെ ഫലപ്രഖ്യാപനം മുതൽ 30 ദിവസത്തിനകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. അതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇത്തവണ പുനർവിഭജിച്ച നിയോജകമണ്ഡലാടിസ്ഥാനത്തിലാണ് വോട്ടർപട്ടിക തയ്യാറാക്കിയിട്ടുള്ളത്. 2020 ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം നാലുതവണ സമഗ്രമായ പുതുക്കൽ വഴി ശുദ്ധീകരിച്ച വോട്ടർപട്ടികയാണ് പൊതുതിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. വോട്ടർമാർക്ക് സുഗമമായി വോട്ട് രേഖപ്പെടുത്തുന്നതിന് സൗകര്യപ്രദമായ രീതിയിൽ പോളിങ് സ്റ്റേഷനുകൾ ക്രമീകരിച്ചിട്ടുണ്ടെന്നും കമ്മീഷണർ വ്യക്തമാക്കി.

സണ്ണിജോസഫ് എംഎൽഎ, പി.സി.വിഷ്ണുനാഥ് എംഎൽഎ, എം.ലിജു, (ഇന്ത്യൻ നാഷണൽകോൺഗ്രസ് ), എം.വി.ജയരാജൻ(കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ് )), അഡ്വ.ജെ.ആർ.പത്മകുമാർ (ഭാരതീയജനതാപാർട്ടി), പി.പി.സുനീർ (കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ), പി.കെ.ഷറഫുദ്ധീൻ (ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ) ജോയ് എബ്രഹാം (കേരളകോൺഗ്രസ് ), അഡ്വ.വി.മുരുകദാസ്, പി.ശാർങ്ങാധരൻനായർ (ജനതാദൾ (എസ് )), വിനു.കെ ( ആംആദ്മിപാർട്ടി), പ്രസാദ് (ബിഎസ് പി), എച്ച്.ആർ.ബാബു, കെ.ജയകുമാർ (ആർ.എസ്.പി), സ്റ്റീഫൻ ജോർജ് (കേരള കോൺഗ്രസ്(എം)), തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. **(എസ്.ഇ.സി 32/ 2025)**

**രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്ക് നൽകിയ കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു.**

## രാഷ്ട്രീയ പാർട്ടികളുടെ യോഗം 29.10.2025 – കുറിപ്പുകൾ

### 1. വാർഡു വിഭജനം

- 2025 ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം ഡീലിമിറ്റേഷൻ കമ്മീഷൻ പൂർത്തിയാക്കി.
- മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെ അംഗസംഖ്യ സർക്കാരും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അംഗസംഖ്യ തദ്ദേശ വകുപ്പ് റൂറൽ ഡയറക്ടറും നിശ്ചയിച്ചിരുന്നത് പ്രകാരമാണ് മൂന്ന് ഘട്ടങ്ങളിലായി 940 ഗ്രാമപഞ്ചായത്തുകളുടെയും, 86 മുനിസിപ്പാലിറ്റികളുടെയും ആറ് കോർപ്പറേഷനുകളുടെയും 152 ബ്ലോക്ക് പഞ്ചായത്തുകളുടെയും 14 ജില്ലാ പഞ്ചായത്തുകളുടെയും വാർഡ് വിഭജനമാണ് കമ്മീഷൻ നടത്തിയത്.
- 2011 ലെ ജനസംഖ്യയും 2024 ലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വാസഗൃഹങ്ങളുടെ എണ്ണവും അടിസ്ഥാനമാക്കിയാണ് പുതിയ വാർഡുകളിലെ ജനസംഖ്യതിട്ടപ്പെടുത്തിയത്.
- പ്രകൃതിദത്തമായ അതിർത്തികൾ ലഭിക്കുന്നതിന് ശരാശരി ജനസംഖ്യയിൽ 10% വ്യതിയാനം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾക്കും 20% വ്യതിയാനം ബ്ലോക്ക് പഞ്ചായത്തിനും 25% ജില്ലാപഞ്ചായത്തിനും അനുവദിച്ചിരുന്നു.
- അന്തിമ വിജ്ഞാപനം ഗ്രാമപഞ്ചായത്തുകളുടേത് 19.05.2025 നും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടേത് 28.05.2025 നും ബ്ലോക്ക് പഞ്ചായത്തുകളുടേത് 17.07.2025 ന് ജില്ലാ പഞ്ചായത്തുകളുടേത് 12.08.2025 നും പ്രസിദ്ധീകരിച്ചിരുന്നു.

### 2. ഡിജിറ്റൽ ഭൂപടം

- 2025 – ലെ വാർഡ് വിഭജനത്തിന്റെ ഭാഗമായി തദ്ദേശസ്ഥാപന വാർഡുകളുടെ ഡിജിറ്റൽ ഭൂപടവും കമ്മീഷൻ തയ്യാറാക്കിയിരുന്നു. ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ Q – Field ആപ്പ് ഉപയോഗിച്ച ഫീൽഡ് പരിശോധന നടത്തിയാണ് ഡിജിറ്റൽ ഭൂപടം തയ്യാറാക്കിയത്.
- ഡീലിമിറ്റേഷൻ കമ്മീഷൻ പുനർനിർണ്ണയിച്ചിട്ടുള്ള വാർഡുകളുടെ അതിർത്തികൾക്കനുസൃതമായാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളത്.
- വോട്ടർപട്ടിക തയ്യാറാക്കൽ, പോളിംഗ്സ്റ്റേഷൻ നിശ്ചയിക്കൽ തുടങ്ങിയ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് പുറമേ വിവിധ സർക്കാർ വകുപ്പുകൾക്കും

തദ്ദേശസ്ഥാപനങ്ങൾക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് അക്കാദമിക് ആവശ്യങ്ങൾക്കും ഡിജിറ്റൽ ഭൂപടം സഹായകരമാകും.

## 3. <u>തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും</u>

- വാർഡ് വിഭജനത്തിനു ശേഷം 1200 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 23,612 വാർഡുകൾ നിലവിൽ വന്നിട്ടുണ്ട്. അവയിൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 36 വാർഡുകൾ ഒഴികെയുള്ള 23576 വാർഡുകളിലേക്കാണ് 2025-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്നത്.

| തദ്ദേശ സ്ഥാപനങ്ങൾ | എണ്ണം | പുതുക്കിയ വാർഡുകളുടെ എണ്ണം |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 941 | 17337 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 2267 |
| ജില്ലാ പഞ്ചായത്ത് | 14 | 346 |
| മുനിസിപ്പാലിറ്റി | 87 | 3241 |
| കോർപ്പറേഷൻ | 6 | 421 |
| ആകെ | 1200 | 23612 |

## 4. <u>പോളിംഗ് സ്റ്റേഷനുകൾ</u>

- വാർഡ് വിഭജനത്തെ തുടർന്ന് ഓരോ വാർഡിലെയും പോളിംഗ് സ്റ്റേഷനുകൾ പഞ്ചായത്തിൽ  പരമാവധി 1300 ഉം മുനിസിപ്പാലിറ്റികളിൽ 1600 ഉം വോട്ടർമാരെ ഉൾപ്പെടുത്തി പുനക്രമീകരിച്ചിരുന്നു. അപ്രകാരം പുനക്രമീകരിച്ചപ്പോൾ ആകെ 30759 പോളിംഗ് സ്റ്റേഷനുകൾ ഉണ്ടായിരുന്നു.

- എന്നാൽ, 19.07.2025 തീയതിയിൽ ചേർന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിലെ ആവശ്യപ്രകാരം പോളിംഗ് സ്റ്റേഷനുകളിലെ വോട്ടർമാരുടെ എണ്ണം യഥാക്രമം 1200 ഉം 1500 ഉം ആയി കമ്മീഷൻ പുനക്രമീകരിച്ചു.
- പുനക്രമീകരിച്ചത്പ്രകാരം സംസ്ഥാനത്ത് ആകെ 33757 പോളിംഗ് സ്റ്റേഷനുകളുണ്ട്. പഞ്ചായത്തുകളിൽ 28137 എണ്ണവും മുനിസിപ്പാലിറ്റികളിൽ 3604 ഉം കോർപ്പറേഷനുകളിൽ 2016 എണ്ണവുമാണ്  നിലവിലുള്ള പോളിംഗ്സ്റ്റേഷനുകൾ.

| ജില്ല | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|
| തിരുവനന്തപുരം | 2445 | 165 | 655 |
| കൊല്ലം | 2346 | 135 | 239 |
| പത്തനംതിട്ട | 1088 | 137 | |
| ആലപ്പുഴ | 1802 | 283 | |
| കോട്ടയം | 1671 | 254 | |
| ഇടുക്കി | 1119 | 73 | |
| എറണാകുളം | 2182 | 489 | 354 |
| തൃശ്ശൂർ | 2749 | 317 | 216 |
| പാലക്കാട് | 2749 | 305 | |
| മലപ്പുറം | 3777 | 566 | |
| കോഴിക്കോട് | 2411 | 290 | 396 |
| വയനാട് | 724 | 104 | |
| കണ്ണൂർ | 1827 | 358 | 155 |
| കാസർഗോഡ് | 1242 | 128 | |
| ആകെ | 28132 | 3604 | 2015 |
| | 33751 | | |

5. <u>വോട്ടർപട്ടിക</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള വോട്ടർ പട്ടിക പുതുക്കി 2025 ലെ പൊതു തിരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ കമ്മീഷൻ തീരുമാനിച്ചിരുന്നു.
- കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ 2014-ലെ അസംബ്ലി ബൂത്ത്തല വോട്ടർ പട്ടിക ഫീൽഡ് പരിശോധന നടത്തി തദ്ദേശ വാർഡുകളിലേക്ക് ക്രമീകരിക്കുകയും അവ കാലാകാലങ്ങളിൽ പുതുക്കി 2015 ലെയും 2020 ലെയും പൊതു തിരഞ്ഞെടുപ്പുകൾക്കും അതിനെ തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പുകൾക്കും ഉപയോഗിച്ചിരുന്നു.
- 2020 ലെ വോട്ടർപട്ടിക പ്രകാരം 1,31,72,755 പുരുഷൻമാരും 14483915 സ്ത്രീകളും 240 ട്രാൻസ്ജെന്ററുകളും ഉൾപ്പെടെ ആകെ 27656910 വോട്ടർമാരുണ്ടായിരുന്നു.
- 941 ഗ്രാമപഞ്ചായത്തുകളുടെയും 87 മുനിസിപ്പാലിറ്റികളുടെയും 6 കോർപ്പറേഷനുകളുടെയും 2020 ലെ വോട്ടർപട്ടിക, 2023 ലും 2024 ലും സമ്മറി റിവിഷൻ നടത്തിയിരുന്നു.

- <u>2023 ലെ സമ്മറി റിവിഷൻ</u>

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| Male | 13178517 | 27374 | 479532 | 12726359 |
| Female | 14491779 | 30266 | 397345 | 14124700 |
| Transgender | 240 | 0 | 2 | 238 |
| Total | 27670536 | 57640 | 876879 | 26851297 |

<u>2024 ലെ സമ്മറി റിവിഷൻ</u>

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| Male | 12728880 | 123691 | 222856 | 12629715 |
| Female | 14127905 | 45211 | 230090 | 14043026 |
| Transgender | 238 | 5 | 5 | 238 |
| Total | 26857023 | 271065 | 452951 | 26675157 |

- 2024 – ലെ സമ്മറി റിവിഷനിൽ തയ്യാറാക്കിയ വോട്ടർപട്ടിക 2025 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ പുതുക്കിയിരുന്നു. കരട് പട്ടിക ജൂലൈ 29 നും അന്തിമ പട്ടിക സെപ്റ്റംബർ 2 നമാണ് പ്രസിദ്ധീകരിച്ചിരുന്നത്.

**<u>2025 ആഗസ്റ്റ് – ലെ സമമറി റിവിഷൻ</u>**

| | കരട് പട്ടിക | പേര് ഉൾപ്പെടുത്തിയത് | ഒഴിവാക്കിയത് | അന്തിമ പട്ടിക |
|---|---|---|---|---|
| Male | 12632186 | 1369490 | 648729 | 13352947 |
| Female | 14045837 | 1649381 | 735983 | 14959235 |

| | | | | |
|---|---|---|---|---|
| Transgender | 233 | 55 | 12 | 276 |
| Total | 26678256 | 3018926 | 1384724 | 28312458 |

- 2025 സെപ്റ്റംബർ 2 ന് പ്രസിദ്ധീകരിച്ച വോട്ടർപട്ടിക 2025 സെപ്റ്റംബർ 29 ന് കരടായി പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടിക സംബന്ധിച്ചുള്ള അപേക്ഷകളും ആക്ഷേപങ്ങളും ഒക്ടോബർ 14 വരെ സ്വീകരിക്കുകയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25ന് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

## വോട്ടർമാർ തദ്ദേശ സ്ഥാപനതലത്തിൽ

| തദ്ദേശസ്ഥാപനം | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ | പ്രവാസി വോട്ടർമാർ |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 10460988 | 11704448 | 196 | 22165632 | 2472 |
| മുനിസിപ്പാലിറ്റി | 1769001 | 1994018 | 54 | 3763073 | 331 |
| കോർപ്പറേഷൻ | 1182481 | 1319544 | 31 | 2502056 | 38 |
| ആകെ | 13412470 | 15018010 | 281 | 28430761 | 2841 |

## വോട്ടർമാർ ജില്ലാതലത്തിൽ

| വോട്ടർപട്ടിക 2025 | | | | | | |
|---|---|---|---|---|---|---|
| നമ്പർ | ജില്ല | ആകെ | | | | പ്രവാസി |
| | | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെന്റർ | ആകെ | |
| 1 | തിരുവനന്തപുരം | 1349510 | 1554551 | 31 | 2904092 | 41 |
| 2 | കൊല്ലം | 1043920 | 1210905 | 23 | 2254848 | 48 |
| 3 | പത്തനംതിട്ട | 486945 | 567805 | 2 | 1054752 | 51 |
| 4 | ആലപ്പുഴ | 835428 | 954110 | 11 | 1789549 | 52 |
| 5 | കോട്ടയം | 779269 | 849815 | 12 | 1629096 | 53 |
| 6 | ഇടുക്കി | 441167 | 465925 | 10 | 907102 | 7 |
| 7 | എറണാകുളം | 1269763 | 1377271 | 32 | 2647066 | 87 |
| 8 | തൃശ്ശൂർ | 1278240 | 1458596 | 26 | 2736862 | 205 |
| 9 | പാലക്കാട് | 1142127 | 1269765 | 22 | 2411914 | 49 |
| 10 | മലപ്പുറം | 1722100 | 1852653 | 49 | 3574802 | 447 |
| 11 | കോഴിക്കോട് | 1257846 | 1405939 | 32 | 2663817 | 1231 |
| 12 | വയനാട് | 309798 | 330377 | 8 | 640183 | 11 |
| 13 | കണ്ണൂർ | 976536 | 1138121 | 11 | 2114668 | 485 |
| 14 | കാസർഗോഡ് | 519821 | 582177 | 12 | 1102010 | 74 |
| ആകെ | | 13412470 | 15018010 | 281 | 28430761 | 2841 |

- ഭാഷാ ന്യൂനപക്ഷ വാർഡുകളിൽ മലയാളത്തിന് പുറമേ തമിഴ് / കന്നട ഭാഷയിൽ കൂടി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. <u>പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക</u>

- തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശമുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് ഇതിന് അർഹത.
- പ്രവാസി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ട് രേഖപ്പെടുത്താം. തിരിച്ചറിയൽ രേഖയായി പാസ്പോർട്ടിന്റെ ഒറിജിനൽ കാണിക്കണം.
- പ്രവാസി പട്ടികയിൽ ആകെ 2841 വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ട്.

7. <u>വാർഡ് സംവരണം</u>

- സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാർഡ് സംവരണം നിശ്ചയിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.
- 2025 – ലെ നടന്ന ഡീലിമിറ്റേഷൻ ഡാറ്റ അടിസ്ഥാനമാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് സംവരണ വാർഡുകൾ കണ്ടെത്തിയത്.
- ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെയാണ് സംവരണ വാർഡുകൾ നിശ്ചയിച്ചിട്ടുള്ളത്. ആവർത്തനക്രമത്തിനായി 2015 ലും 2020 ലും നൽകിയിരുന്ന സംവരണം പരിഗണിച്ചിരുന്നു.
- സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗം സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്കാണ് സംവരണം നിശ്ചയിച്ചിട്ടുള്ളത്.
- ഓരോ തദ്ദേശ സ്ഥാപനത്തിലും സംവരണം ഏർപ്പെടുത്തേണ്ട വാർഡുകളുടെ എണ്ണം സംബന്ധിച്ച സർക്കാർ വിജ്ഞാപനം പ്രകാരമാണ് സംവരണ വാർഡുകൾ നിശ്ചയിച്ചിട്ടുള്ളത്.
- 2015 ലും 2020 ലും തുടർച്ചയായി ഏതെങ്കിലും വിഭാഗത്തിന് സംവരണം ചെയ്തിരുന്ന വാർഡുകളെ ഒഴിവാക്കിയാണ് 2025 ലെ സംവരണ വാർഡുകൾ നിശ്ചയിച്ചിട്ടുള്ളത്.

- വാർഡു പുനർവിഭജനം നടന്ന സാഹചര്യത്തിൽ നിലവിലുള്ള വാർഡിലെ 50% – ൽ കൂടുതൽ ജനസംഖ്യ ഉൾപ്പെട്ടു വരുന്ന പുതിയ വാർഡ് ഏതാണെന്നു കണ്ടെത്തിയും നേരത്തെയുള്ള സംവരണക്രമം പരിശോധിച്ചുമാണ് സംവരണവാർഡുകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.
- ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ജില്ലാ കളക്ടറെയും മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെയും കോർപ്പറേഷനുകളെ സംബന്ധിച്ച് അർബൻ ഡയറക്ടറെയുമാണ് സംവരണ നറുക്കെടുപ്പിനായി കമ്മീഷൻ അധികാരപ്പെടുത്തിയിരുന്നത്.
- സംവരണ ഉത്തരവുകൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ കമ്മീഷന്റെ വെബ് സൈറ്റിലും ലഭ്യമാക്കും.

**<u>സംവരണ വാർഡുകളുടെ എണ്ണം</u>**

| തദ്ദേശ സ്ഥാപനം | ആകെ വാർഡുകൾ | സ്ത്രീ സംവരണം | പട്ടികജാതി സംവരണം | പട്ടികജാതി –സ്ത്രീ സംവരണം | പട്ടിക വർഗ്ഗ സംവരണം | പട്ടിക വർഗ്ഗ –സ്ത്രീ സംവരണം | ജനറൽ വാർഡുകൾ |
|---|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 17337 | 8852 | 1759 | 783 | 289 | 121 | 7341 |
| ബ്ലോക്ക് പഞ്ചായത്ത് | 2267 | 1152 | 228 | 82 | 36 | 12 | 945 |
| ജില്ലാ പഞ്ചായത്ത് | 346 | 177 | 35 | 19 | 7 | 2 | 148 |
| മുനിസിപ്പാലിറ്റി | 3241 | 1643 | 236 | 123 | 16 | 7 | 1476 |
| കോർപ്പറേഷൻ | 421 | 211 | 26 | 15 | 0 | 0 | 199 |
| ആകെ | 23612 | 12035 | 2284 | 1022 | 348 | 142 | 10109 |

## 8. <u>അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ സംവരണം</u>

- സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിലെ ചെയർപേഴ്സൺ (ചെയർമാൻ & മേയർ) സ്ഥാനങ്ങളും സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗം സ്ത്രീ, പട്ടിക ജാതി, പട്ടിക വർഗ്ഗം

എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ എണ്ണം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു.

- അതനുസരിച്ച്, ഓരോ സംവരണ വിഭാഗത്തിന്റെയും ജനസംഖ്യ പരിഗണിച്ച് അദ്ധ്യക്ഷസ്ഥാനം സംവരണം ചെയ്യേണ്ട തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ആവർത്തനക്രമം പാലിച്ച് കമ്മീഷൻ ഉടൻ നിശ്ചയിക്കും. ഇതിനായി 1995 മുതൽ നൽകിയിരുന്ന സംവരണം പരിഗണിക്കും.
- അധ്യക്ഷസ്ഥാനം സ്ത്രീകൾക്ക് (പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ ഉൾപ്പെടെ) സംവരണം ചെയ്യാത്ത തദ്ദേശസ്ഥാപനങ്ങളിലെ ഉപാധ്യക്ഷൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യും.

<u>അധ്യക്ഷസംവരണ സ്ഥാനങ്ങളുടെ എണ്ണം</u>

| തദ്ദേശ സ്ഥാപനം | ആകെ എണ്ണം | പട്ടികജാതി | | | പട്ടികവർഗ്ഗം | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | SC–W | SC | ആകെ | SC–W | ST | W (General) | W Total(SC+ST) | ജനറൽ |
| ഗ്രാമ പഞ്ചായത്ത് | 941 | 92 | 46 | 46 | 16 | 8 | 8 | 417 | 471 | 416 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 15 | 7 | 8 | 3 | 2 | 1 | 67 | 77 | 67 |
| ജില്ലാ പഞ്ചായത്ത് | 14 | 1 | – | 1 | – | – | – | 7 | 7 | 6 |
| മുനിസിപ്പാലിറ്റി | 87 | 6 | 3 | 3 | 1 | – | 1 | 41 | 44 | 39 |
| കോർപ്പറേഷൻ | 6 | – | – | – | – | – | – | 3 | 3 | 3 |
| **ആകെ** | **1200** | **114** | **56** | **58** | **20** | **10** | **10** | **535** | **602** | **531** |

## 9. <u>ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM)</u>

- തദ്ദേശസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിന് മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ആണ് ഉപയോഗിക്കുന്നത്.
- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒരു കൺട്രോൾ യൂണിറ്റും (CU) മൂന്ന് ബാലറ്റ് യൂണിറ്റുകളും (BU)ഉപയോഗിക്കും. മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് ഒരു CU, BU എന്നിവയാണ് ഉപയോഗിക്കുന്നത്.

- കമ്മീഷന്റെ ഉടമസ്ഥതയിലുള്ള വോട്ടിംഗ് മെഷീനുകളുടെ (50,693 CU + 1,37,922 BU) ഫസ്റ്റ് ലെവൽ ചെക്കിംഗ് ECILഎൻജിനീയർമാരുടെ നേതൃത്വത്തിൽ പൂർത്തിയാക്കി ജില്ലാ വെയർ ഹൗസുകളിൽ സൂക്ഷിച്ചിട്ടുണ്ട്.
- വോട്ടെടുപ്പിന് 10 ദിവസം മുമ്പ് വരണാധികാരികളുടെ നേതൃത്വത്തിൽ അവയിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തും. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും സ്ഥാനാർത്ഥികളുടെയും സാന്നിദ്ധ്യത്തിലാണ് കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നത്.
- ജില്ലകളിൽ ഫസ്റ്റ് ലെവൽ ചെക്കിംഗ് കഴിഞ്ഞ EVM കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം | |
|---|---|---|
| | ബാലറ്റ് യൂണിറ്റ് | കൺട്രോൾ യൂണിറ്റ് |
| തിരുവനന്തപുരം | 11859 | 4652 |
| കൊല്ലം | 11044 | 4091 |
| പത്തനംതിട്ട | 6184 | 2180 |
| ആലപ്പുഴ | 9207 | 3305 |
| കോട്ടയം | 9516 | 3405 |
| ഇടുക്കി | 6467 | 2194 |
| എറണാകുളം | 11680 | 4658 |
| തൃശ്ശൂർ | 13157 | 4577 |
| പാലക്കാട് | 12339 | 4371 |
| മലപ്പുറം | 16174 | 5902 |
| കോഴിക്കോട് | 11024 | 4283 |
| വയനാട് | 3663 | 1379 |
| കണ്ണൂർ | 9680 | 3609 |
| കാസർഗോഡ് | 5928 | 2087 |
| **ആകെ** | **137922** | **50693** |

10. <u>അച്ചടി, സ്റ്റേഷനറി</u>

    - തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഫാറങ്ങളുടെയും രജിസ്റ്ററുകളുടെയും കവറുകളുടെയും അച്ചടി പൂർത്തിയായിട്ടുണ്ട്. ഓരോ ജില്ലക്കും ആവശ്യമുള്ള എണ്ണം അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ലഭ്യമാക്കിയിട്ടുണ്ട്.

- കൂടാതെ, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേഷനറി സാധനങ്ങൾടെയും ശേഖരണം പൂർത്തിയാക്കി അതത് ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

11. <u>വരണാധികാരി, ഉപവരണാധികാരികൾ</u>

- എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കും വരണാധികാരികളെയും ഉപവരണാധികാരികളെയും നിശ്ചയിച്ച് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ വരണാധികാരി ജില്ലാ കളക്ടറാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഒന്നുവീതവും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ വാർഡുകളുടെ എണ്ണത്തിനനുസരിച്ച് ഒന്നിലധികവും വരണാധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ജില്ലാ പഞ്ചായത്തുകളുടെ ഉപവരണാധികാരികളായി ഡെപ്യൂട്ടി കളക്ടർ (ജനറൽ) / ADM, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് വരണാധികാരികൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, ഗ്രാമപഞ്ചായത്ത് വരണാധികാരികൾ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ബ്ലോക്ക് പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് വരണാധികാരി എന്നിവരെയും ഗ്രാമപഞ്ചായത്തുകളിൽ അതത് സെക്രട്ടറിമാരെയും ഉപവരണാധികാരികളാക്കിയിട്ടുണ്ട്.

12. <u>വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങൾ</u>

- പോളിംഗ് സാധനങ്ങൾ വോട്ടെടുപ്പിന്റെ തലേദിവസം പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിനും വോട്ടെടുപ്പിന് ശേഷം അവ തിരികെ വാങ്ങി സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതിനുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങൾ കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്.
- അത്തരം കേന്ദ്രങ്ങളിൽ വച്ചാണ് വോട്ടെണ്ണലും നടത്തുന്നത്. ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് വിതരണ സ്വീകരണ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിലാണ് സജ്ജമാക്കുന്നത്.
- മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് അതത് സ്ഥാപനതലത്തിലാണ് അത്തരം കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്.

| നമ്പർ | ജില്ല | വിതരണ & വോട്ടെണ്ണൽ കേന്ദ്രങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 16 |
| 3 | പത്തനംതിട്ട | 12 |
| 4 | ആലപ്പുഴ | 18 |
| 5 | കോട്ടയം | 17 |
| 6 | ഇടുക്കി | 10 |
| 7 | എറണാകുളം | 28 |
| 8 | തൃശ്ശൂർ | 24 |
| 9 | പാലക്കാട് | 20 |
| 10 | മലപ്പുറം | 27 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 20 |
| 14 | കാസർഗോഡ് | 9 |
| ആകെ | | 244 |

13. <u>തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ</u>

- തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾക്കുള്ള ചിഹ്നങ്ങളും മറ്റ് സ്വതന്ത്ര ചിഹ്നങ്ങളും സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 19.09.2025 തീയതിൽ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കരടിന്മേൽ ലഭിച്ച അപേക്ഷകളും പരാതികളും സംബന്ധിച്ച് 15.10.2025 ൽ കമ്മീഷനിൽ വച്ച് ഹീയറിംഗ് നടത്തിയിരുന്നു. അതനുസരിച്ചുള്ള അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കും.
- പ്രസ്തുത വിജ്ഞാപനത്തിൽ, ചിഹ്നങ്ങൾ 4 പട്ടികകളായി തിരിച്ച് അനുവദിക്കും. ഒന്നാം പട്ടികയിൽ കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ദേശീയ പാർട്ടികളായി പ്രഖ്യാപിച്ചിട്ടുള്ളവയെയും രണ്ടാം പട്ടികയിൽ കേന്ദ്ര ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികളെയും മൂന്നാം പട്ടികയിൽ, കേന്ദ്ര കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിലെ സംസ്ഥാന പാർട്ടികളും കേരള അസംബ്ലിയിലൊ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊ അംഗങ്ങളുള്ളതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തും.

ഈ പാർട്ടികൾക്ക് അനുവദിച്ചിട്ടുള്ള ചിഹ്നങ്ങൾ ആ പാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് മാത്രമെ അനുവദിക്കു.

- പട്ടിക 4 ൽ സ്വതന്ത്ര ചിഹ്നങ്ങളുണ്ട്. അവയിൽ ചില ചിഹ്നങ്ങൾ രാഷ്ട്രീയ പാർട്ടികൾ ആവശ്യപ്പെടുന്നതനുസരിച്ച് മുൻഗണനാ അടിസ്ഥാനത്തിൽ നൽകുന്നതിന് വിജ്ഞാപനം ചെയ്യും. മറ്റു ചിഹ്നങ്ങൾ സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് നൽകും.
- തദ്ദേശ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കാൻ ശുപാർശ ചെയ്യുന്ന ഓഫീസ് ഭാരവാഹിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തിയ അധികാര പത്രം തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് മുമ്പ് കമ്മീഷനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും ലഭ്യമാക്കണം.

## 14. മാതൃകാപെരുമാറ്റച്ചട്ടം (MCC)

- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതോടെ മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരും. പെരുമാറ്റച്ചട്ടം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും മാധ്യമങ്ങൾക്കും ബാധകമാണ്.
- പെരുമാറ്റച്ചട്ടലംഘനം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പോലീസ് മേധാവി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, പ്രമുഖ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ കമ്മിറ്റിയിലുണ്ടാകും.
- പെരുമാറ്റച്ചട്ടലംഘനം നടക്കുന്നുണ്ടോയെന്ന് തിരഞ്ഞെടുപ്പ് നിരീക്ഷകരും പരിശോധിക്കും. തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നത് വരെയാണ് പെരുമാറ്റച്ചട്ടമുള്ളത്.
- മാധ്യമപ്രവർത്തകർക്കും പെരുമാറ്റച്ചട്ടം ബാധകമാണ്. തിരഞ്ഞെടുപ്പ് സംബന്ധിച്ചതും അല്ലാത്തതുമായ വാർത്തകളുടെ നിജസ്ഥിതി മനസ്സിലാക്കി വേണം മാധ്യമപ്രവർത്തകർ വാർത്തകൾ നൽകേണ്ടത്. ഇതിനായി ജില്ലകളിൽ മീഡിയ റിലേഷൻസ് സമിതി രൂപീകരിക്കും.
- സുഗമവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പിനാണ് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നത്. പെരുമാറ്റച്ചട്ടലംഘനം ഉണ്ടാകാതിരിക്കാൻ രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

15. <u>ക്രമസമാധാന പാലനം</u>

- തിരഞ്ഞെടുപ്പ് വേളയിൽ ക്രമസമാധാനപാലനത്തിന് വേണ്ട ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് ചീഫുമായി കൂടിയാലോചിച്ച് ഏർപ്പെടുത്തും. സ്വതന്ത്രവും സമാധാനവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ട എല്ലാ നടപടികളും ജില്ലകളിൽ അതത് ജില്ലാ പോലീസ് ചീഫിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തും.
- വോട്ടെടുപ്പ്, വോട്ടെണ്ണൽ വിതരണ കേന്ദ്രങ്ങൾ, സ്ട്രോങ്ങ് റൂം എന്നിവയ്ക്ക് പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തും.
- പ്രശ്നബാധിത ബൂത്തുകളിൽ  വീഡിയോഗ്രാഫി/വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തും.

16. <u>തിരഞ്ഞെടുപ്പ് വിജ്ഞാപനം</u>

- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യപരിപാടി സംബന്ധിച്ച് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കും.
- വിജ്ഞാപന തീയതി മുതൽ നാമനിർദ്ദേശപത്രിക സമർപ്പിക്കാം. പത്രിക വരണാധികാരിക്കോ തിരഞ്ഞെടുപ്പ് നോട്ടീസിൽ പ്രതിപാദിക്കുന്ന ഉപവരണാധികാരികൾക്കോ വേണം നൽകേണ്ടത്. നിശ്ചിത പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെയാണ് പത്രിക സമർപ്പിക്കാൻ കഴിയുക.

17. <u>നിക്ഷേപ തുക</u>

- സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികയോടൊപ്പം നിശ്ചിത തുക നിക്ഷേപമായി നൽകേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 2000 രൂപയും ബ്ലോക്ക് പഞ്ചായത്ത് മുൻസിപ്പാലിറ്റികളിൽ 4000 രൂപയും ജില്ലാ പഞ്ചായത്ത് കോർപ്പറേഷനുകളിൽ 5000 രൂപയുമാണ് നിക്ഷേപ തുക.
- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ഥാനാർഥികൾക്ക് അവയുടെ പകുതി നൽകിയാൽ മതിയാകും.
- ഒരു സ്ഥാനാർഥി ഒന്നിലധികം നാമനിർദ്ദേശങ്ങൾ നൽകുന്ന സാഹചര്യത്തിൽ ഒരു നിക്ഷേപം മതിയാകും.
- അർഹതപ്പെട്ട സ്ഥാനാർത്ഥികൾക്ക് നിക്ഷേപ തുക തിരികെ കിട്ടുന്നതിന് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ  N42 ഫാറത്തിൽ പത്രികയോടൊപ്പം നൽകണം.

18. <u>തിരഞ്ഞെടുപ്പ് ഏജന്റ്/ പോളിംഗ് ഏജന്റ് നിയമനം</u>

- ഒരു തിരഞ്ഞെടുപ്പ് ഏജന്റിനെ നിയമിക്കുന്നതിന് സ്ഥാനാർത്ഥികൾ നിശ്ചിത ഫാറത്തിൽ വരണാധികാരിക്ക് അപേക്ഷ നൽകണം. ഒരു അംഗത്തിനായി തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അയോഗ്യതകൾ തിരഞ്ഞെടുപ്പ് ഏജന്റിനും ഉണ്ടായിരിക്കും.
- ഒരു സ്ഥാനാർത്ഥിക്കോ തിരഞ്ഞെടുപ്പ് ഏജന്റിനോ ഒരോ പോളിംഗ് സ്റ്റേഷനിലേക്കും ഒരു ഏജന്റിനെയും രണ്ട് റിലീഫ് ഏജന്റുമാരെയും നിയമിക്കാം. അതിനുള്ള അപേക്ഷ ബന്ധപ്പെട്ട പ്രീസൈഡിംഗ് ഓഫീസർക്കാണ് നൽകേണ്ടത്. പോളിംഗ് ഏജന്റുമാർ ആ വാർഡിലെ വോട്ടറായിരിക്കണം.
- ഒരു സ്ഥാനാർത്ഥിക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ ഒന്നോ അതിലധികമോ വോട്ടെണ്ണൽ ഏജന്റുമാരെയും നിയാമിക്കാവുന്നതാണ്.

19. <u>തിരഞ്ഞെടുപ്പ് പ്രചാരണം</u>

- തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ നിയമാനുസൃതവും സമാധാനപരവും കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയവുമായിരിക്കണം.
- വാഹന പ്രചാരണത്തിനും പൊതുയോഗങ്ങൾ, പ്രകടനങ്ങൾ എന്നിവക്കും പോലീസ് അധികാരികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കണം.
- തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾക്കുള്ള അനുമതി ബന്ധപ്പെട്ട വരണാധികാരികളിൽനിന്നും മൈക്ക് പെർമിറ്റും യോഗസ്ഥലം സംബന്ധിച്ച അനുമതിയും പോലീസ് അധികാരികളിൽ നിന്നുമാണ് വാങ്ങേണ്ടത്.
- മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ ആധാരമാക്കി ശത്രുത വളർത്തുന്ന പ്രചാരണ പരിപാടികൾ പാടില്ല. മറ്റു സ്ഥാനാർത്ഥികളുടെയോ രാഷ്ട്രീയപാർട്ടികളുടെയോ പ്രചാരണോപാധികൾ നശിപ്പിക്കുകയോ മറ്റുള്ളവരുടെ പ്രകടനങ്ങളോ യോഗങ്ങളോ കലക്കുകയോ ചെയ്യാനും പാടില്ല.

20. <u>ഹരിതചട്ടം</u>

പൊതു തിരഞ്ഞെടുപ്പ് ഹരിതചട്ടം പാലിച്ച് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനും മറ്റും രാഷ്ട്രീയ പാർട്ടികളും

സ്ഥാനാർത്ഥികളും ഹരിതചട്ടം കർശനമായി പാലിക്കേണ്ടതാണ്. ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

21. <u>പോസ്റ്ററുകൾ ലഘുലേഖകൾ എന്നിവയുടെ അച്ചടി</u>

- തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളോ രാഷ്ട്രീയപാർട്ടികളോ പോസ്റ്ററുകളും ലഘുലേഖകളും പരസ്യ പ്രഖ്യാപനങ്ങളും അച്ചടിക്കുമ്പോൾ അതിന്റെ മുൻവശത്ത് അച്ചടികാരന്റെയും പ്രസാധകന്റെയും പേരും വിലാസവും വയ്ക്കണം.
- അവ അച്ചടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച് കമ്മീഷൻ മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് അത് പാലിക്കുന്നുണ്ടെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഉറപ്പാക്കണം.
- പ്രസാദകന്റെ പ്രഖ്യാപനത്തിന്റെ പകർപ്പും അച്ചടിക്കുന്ന രേഖയുടെ പകർപ്പും സ്വീകരിക്കുന്നതിന് ജില്ലകളിൽ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

22. <u>ഒബ്സർവർമാർ</u>

- ഓരോ ജില്ലയിലും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി IAS/IFS റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ജനറൽ ഒബ്സർവറായി നിയമിക്കും. കൂടാതെ സ്ഥാനാർത്ഥികളുടെ ചെലവുകൾ നിരീക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒന്നിലധികം എക്സ്പെൻഡിച്ചർ ഒബ്സർവർമാരും ഉണ്ടാകും.

23. <u>വോട്ടെടുപ്പ്, വോട്ടെണ്ണൽ</u>

- വോട്ടെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ നടത്തും. വോട്ടെടുപ്പ് ദിവസം രാവിലെ 6 മണിക്ക് മോക്ക്പോൾ നടത്തും. സ്ഥാനാർത്ഥികളുടെയും ഏജന്റുമാരുടെയും സാന്നിധ്യത്തിൽ ആയിരിക്കും മോക്ക്പോൾ നടത്തുക. വൈകുന്നേരം 6 മണിക്ക് ക്യൂവിലുള്ള മുഴുവൻ വോട്ടർമാർക്കും ടോക്കൺ നൽകി വോട്ട് ചെയ്യുന്നതിന് അനുവദിക്കും.
- സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയെ വോട്ടെണ്ണൽ നിശ്ചിത ദിവസം രാവിലെ 8:00 മണിക്ക് ആരംഭിക്കും. തപാൽ വോട്ടുകളാണ് ആദ്യം എണ്ണുന്നത്. അതിനുശേഷം EVM ലെ വോട്ടുകൾ എണ്ണും.
- വോട്ടെണ്ണൽ ഫലം അപ്പപ്പോൾ തന്നെ TREND സോഫ്റ്റ് വെയറിലൂടെ ലഭ്യമാകും.

### 24. തിരിച്ചറിയൽ രേഖകൾ

തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ഹാജരാക്കാവുന്ന തിരിച്ചറിയൽ രേഖകൾ.

a. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്

b. പാസ്പോർട്ട്

c. ഡ്രൈവിംഗ് ലൈസൻസ്

d. പാൻ കാർഡ്

e. ഫോട്ടോ പതിച്ച S.S.L.C ബുക്ക്

f. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും 6 മാസത്തിന് മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക്

g. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ

h. ആധാർ കാർഡ്

i. കമ്മീഷൻ നിർദ്ദേശിക്കുന്ന മറ്റ രേഖകൾ

### 25. തിരഞ്ഞെടുപ്പ് ചെലവ്

- സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചിലവഴിക്കാവുന്ന പരമാവധി തുക ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും ബ്ലോക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും 75000 രൂപയും കോർപ്പറേഷനിലും ജില്ലാ പഞ്ചായത്തിലും 1,50,000 രൂപയുമാണ്.
- സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നൽകണം. അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ.
- നിശ്ചിത തീയതിക്കകം ചെലവ് കണക്ക് സമർപ്പിക്കാത്തതോ നിശ്ചിത പരിധിയിൽ കൂടുതൽ ചെലവഴിക്കുകയോ ചെയ്യുന്ന സ്ഥാനാർത്ഥികളെ കമ്മീഷൻ 5 വർഷത്തേക്ക് തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യരാക്കും.

### 26. അംഗങ്ങളുടെ / കൗൺസിലർമാരുടെ സത്യപ്രതിജ്ഞ

- നിലവിലുള്ള ഭരണസമിതിയുടെ കാലാവധി ഡിസംബർ 20ന് അവസാനിക്കും. അതിനാൽ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെയും കൗൺസിലർമാരുടെയും സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നടത്തുന്നത്

സംബന്ധിച്ചും ആദ്യ യോഗം വിളിച്ച് ചേർക്കുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കും.

27. <u>അധ്യക്ഷൻ ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ്</u>

- അംഗങ്ങളുടെ കൗൺസിലന്മാരുടെ സത്യപ്രതിജ്ഞക്ക് ശേഷം അധ്യക്ഷൻ ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് നടത്തും. തിരഞ്ഞെടുപ്പിനുള്ള തീയതിയും സമയവും കമ്മീഷൻ നിശ്ചയിക്കും. ഇതിനുള്ള വരണാധികാരികളെ കമ്മീഷൻ നിയമിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.
- ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതു തിരഞ്ഞെടുപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള വരണാധികാരികൾ ആയിരിക്കും അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പിന്റെയും വരണാധികാരികൾ.
- ജില്ലാ പഞ്ചായത്തിലും കോർപ്പറേഷനിലും ജില്ലാ കളക്ടറാണ് ഇതിനുള്ള വരണാധികാരി. മുനിസിപ്പാലിറ്റികളിൽ ഇതിനുള്ള വരണാധികാരികളെ കമ്മിഷൻ പ്രത്യേകം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

28. <u>സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ്</u>

അധ്യക്ഷൻ ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പിനുശേഷം കമ്മീഷൻ നിശ്ചയിക്കുന്ന തീയതികളിൽ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാരുടെയും തിരഞ്ഞെടുപ്പ് നടത്തും.

ഇതിനുള്ള വരണാധികാരികളെയും നിശ്ചയിച്ച് കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

<u>ഗ്രാമപഞ്ചായത്ത് & ബ്ലോക്ക് പഞ്ചായത്ത്</u>

a. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
b. വികസന സ്റ്റാന്റിംഗ് കമ്മിറ്റി
c. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
d. ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

<u>ജില്ലാ പഞ്ചായത്ത്</u>

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2. വികസന സ്റ്റാന്റിംഗ് കമ്മിറ്റി

3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി
4. ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി
5. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

<u>മുനിസിപ്പാലിറ്റി</u>

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6. വിദ്യാഭ്യാസ കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

<u>കോർപ്പറേഷൻ</u>

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6. നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
7. നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
8. വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി